# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1953** | **11/02/2020-ൽ മറുപടിക്ക്**

## ഡിജിറ്റൽ സർവ്വകലാശാല

**ചോദ്യം** | **മറുപടി**

**ശ്രീ.എ. പ്രദീപ്കുമാർ**
**,, ആന്റണി ജോൺ**
**,, ആർ. രാജേഷ്**
**,, ഐ.ബി. സതീഷ്**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വികസിതമായ മാനവശേഷി കണക്കിലെടുത്ത് ഐ.ടി. വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റിത്തീർക്കുന്നതിനു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) | i. ഐ.ടി വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നായി സംസ്ഥാനത്തെ മാറ്റുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഐ.ടി പാർക്കുകളിൽ സംരംഭകർക്ക് യാതൊരു തടസ്സവും കൂടാതെ തങ്ങളുടെ വ്യവസായം നടത്തി പോകുന്നതിനാ-വശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.<br><br>ii. ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 175 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും 91.5 ലക്ഷം ചതുരശ്ര അടി അധിക സൗകര്യ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>iii. മാനവശേഷി വികസനത്തിനു ഊന്നൽ നൽകിക്കൊണ്ട് സാമൂഹിക - സാമ്പത്തിക - വൈജ്ഞാനിക വികസനത്തിനായി കേരളത്തിൽ വച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ (ഹാഷ് ഫ്യൂച്ചർ) നടത്തിവരുന്നു.<br>iv. സാങ്കേതിക വിദ്യാഭ്യാസം, നൈപുണ്യ വികസനം, എന്നിവയിലൂടെ പുത്തൻ സാങ്കേതിക വിദ്യകളുടെ ഉൽപ്പാദനം, ഉപയോഗം എന്നിവക്കനുയോജ്യമായ മാനവ വിഭവ ശേഷി വികസനം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് KASE , IIITM-K, ICFOSS, ASAP, IIMK, ICT ACADEMY തുടങ്ങിയ സ്ഥാപനങ്ങൾ നിരവധി കോഴ്സുകൾ നടത്തി വരുന്നുണ്ട്.<br>v. ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു.<br>vi. ഐ.ടി മേഖലയിലെ കാലിക വളർച്ചയ്ക്കനുസൃതമായി യുവതി യുവാക്കളുടെ തൊഴിൽ പരമായ കഴിവ് വർദ്ധിപ്പിക്കുകയും അത് വഴി ഐ.ടി മേഖലയിൽ കൂടുതൽ തൊഴിൽ |

| | | | |
|---|---|---|---|
| | | | അവസരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം കേരള എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>vii. അതിനൂതന ഡിജിറ്റൽ സാങ്കേതിക വിദ്യാ മേഖലകളുടെ വളർച്ച ലക്ഷ്യമിട്ട് IIITM-K-യെ ഒരു അന്താരാഷ്ട്ര ശ്രേണിയിലുള്ള ഡിജിറ്റൽ സർവ്വകലാശാലയാക്കി മാറ്റുവാൻ സർക്കാർ തീരുമാനിക്കുകയും ഇതിലേയ്ക്ക് IIITM-K-യെ ഡിജിറ്റൽ യൂണിവേഴ്സിറ്റി ആക്കിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയുമുണ്ടായി. |
| ബി) | ടെക്നോളജി ഇന്നൊവേഷൻ സോൺ, ടെക്നോസിറ്റി എന്നിവ ഐ.ടി. അടിസ്ഥാന സൗകര്യ വികസനത്തെ എത്രമാത്രം ചലനാത്മകമാക്കിയിട്ടുണ്ട്; സംസ്ഥാനത്ത് സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവകലാശാല വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | ബി) | നോളജ്സിറ്റി പദ്ധതി ഉൾപ്പെട്ടിട്ടുള്ള ടെക്നോസിറ്റി പദ്ധതിയിൽ ഐ.ടി അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഇവിടെ സ്പേസ് പാർക്കും അതിനോടനുബന്ധമായി ഡോ.എ.പി.ജെ അബ്ദുൾകാലം സ്പേസ് മ്യൂസിയവും ഉയർന്നു വരുന്നുണ്ട്. വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരള ടെക്നോളജി ഇന്നോവേഷൻ സോൺ കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു വരുന്നു.<br>സംസ്ഥാനത്ത് സ്ഥാപിക്കുന്ന ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>● ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും, ഗവേഷണവും, ഡിജിറ്റൽ സയൻസ്, ടെക്നോളജീസ്, അനുബന്ധ മേഖലകൾ എന്നിവയുടെ പ്രാഥമിക തലങ്ങൾ കേന്ദ്രീകരിച്ച് തിരുവനന്തപുരത്ത് ഒരു നോൺ-അഫിലിയേറ്റട്ട് യൂണിവേഴ്സിറ്റി സ്ഥാപിക്കുക.<br>● കേരളത്തിൽ ഒരു വിജ്ഞാന ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ഗവേഷണം നടത്തുന്നതിനു സഹായിക്കുക.<br>● സർക്കാർ, വ്യവസായം, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് വേണ്ടി ഡിജിറ്റൽ സയൻസസ്, ടെക്നോളജീസ് എന്നിവയുടെ ബെഞ്ച്മാർക്ക് റഫറൽ ഏജൻസിയായി പ്രവർത്തിക്കുന്ന ഒരു അതുല്യ ടെക്നോ-മാനേജ്മെന്റ് സ്ഥാപനമായി ഉയർന്നുവരുക.<br>● അക്കാദമിക്, ഗവേഷണം എന്നിവയിൽ മികവ് പുലർത്തുന്നതിന് ശക്തമായ വ്യവസായ-അക്കാദമിക്, അക്കാദമിക്-അക്കാദമിക്, അന്താരാഷ്ട്ര സഹകരണങ്ങൾ എന്നിവ സൃഷ്ടിക്കുക.<br>● ഇന്ത്യയിലെയും വിദേശത്തെയും മറ്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുമായും ഏജൻസികളുമായും സഹകരണ പരിപാടികൾ വളർത്തുന്നതിന് ഫണ്ട് ആകർഷിക്കുക. |
| സി) | ഐ.ടി. മേഖലകളിൽ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ട് അപ്പ് മിഷൻ കൈവരിച്ച നേട്ടം അറിയിക്കാമോ; വിശദ വിവരം വെളിപ്പെടുത്താമോ ? | സി) | ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും മേഖലയിൽ സ്റ്റാർട്ട് അപ്പ് മിഷന്റെ പ്രവർത്തനം മൂലം സ്റ്റാർട്ട് അപ്പുകളുടെ എണ്ണം 370-ൽ നിന്നും 2200 ആയി ഉയർത്തുവാൻ സാധിച്ചു. 30000 അധികം കോടി രൂപയുടെ നിക്ഷേപം സ്റ്റാർട്ടപ്പുകളിൽ ലഭ്യമായിട്ടുണ്ട്. വിവിധ ഗ്രാന്റുകളിലൂടെ 14 കോടിയിലധികം രൂപ സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ 7 കോടിയിലധികം രൂപ ലഘുവായ വ്യവസ്ഥകളിൽ സ്റ്റാർട്ടപ്പുകൾക്ക് വായ്പയായി അനുവദിച്ച നൽകിയിട്ടുണ്ട്. സംസ്ഥാന സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ ടോപ് പെർഫോർമർ ആയി സ്റ്റാർട്ടപ്പ് ഇന്ത്യയെയും ആഗോള തലത്തിൽ ഒന്നാമത്തെ പബ്ലിക് ബിസിനസ് ആക്സിലേറ്റർ ആയി കേരള സ്റ്റാർട്ടപ്പ് മിഷനെയും തെരഞ്ഞെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**